ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം

# NATIONAL BULLETIN

**DATE: 09-06-2026** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1.) യുവജനങ്ങളെയും, സ്ത്രീകളെയും, കർഷകരെയും ശാക്തീകരിക്കുന്നതിന്, കേന്ദ്ര സർക്കാർ കഴിഞ്ഞ 12 വർഷമായി എല്ലാ ശ്രമങ്ങളും നടത്തി വരികയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി.

**Prime Minister Narendra Modi has said that the Central Government has made every effort over the past 12 years to empower the youth, women, and farmers.**

2) പ്രധാൻ മന്ത്രി സുരക്ഷിത് മാതൃത്വ അഭിയാന് ഇന്ന് പത്ത് വർഷം. ന്യൂഡൽഹിയിൽ നടക്കുന്ന ആഘോഷപരിപാടിളുടെ ഉദ്ഘാടനം കേന്ദ്ര ആരോഗ്യ മന്ത്രി ജെ.പി.നഡ്ഡ നിർവഹിക്കും.

**The Pradhan Mantri Surakshit Matritva Abhiyan marks its 10th anniversary today. Union Health and Family Welfare Minister Jagat Prakash Nadda will launch nationwide celebrations to commemorate "10 Years of PMSMA.**

3) വയനാട്ടിൽ രണ്ട് സ്കൂൾ വിദ്യാർത്ഥികൾക്ക് ഷിഗല്ല സ്ഥിരീകരിച്ച സാഹചര്യത്തിൽ ജാഗ്രത ശക്തമാക്കാൻ നടപടികൾ സ്വീകരിച്ചതായി മന്ത്രി ടി. സിദ്ദിഖ്. മന്ത്രിയുടെ നേതൃത്വത്തിൽ സുൽത്താൻ ബത്തേരിയിൽ ഉന്നതതല യോഗം ചേർന്നു.

Kerala Minister T. Siddique has said that steps have been taken to strengthen vigilance after Shigella infection detected in two school students in Wayanad . A high-level meeting was held in Sultan Bathery under the Minister's leadership.

4) ബ്രിക്സ് കാർഷിക സമ്മേളനത്തിന് മധ്യപ്രദേശിൽ ഇന്ന് തുടക്കമായി.

The BRICS Agriculture Conference begins today in Madhya Pradesh.

5) കേരളത്തിൽ ട്രോളിംഗ് നിരോധനം ഇന്ന് അർദ്ധരാത്രി മുതൽ നിലവിൽ വരും. ജൂലൈ 31 വരെ 52 ദിവസത്തേക്കാണ് നിരോധനം.

The Trawling ban in Kerala will come into effect from midnight tonight. The 52-day ban will remain in force until July 31.

6) വടക്കൻ കേരളത്തിൽ കനത്ത മഴയ്ക്ക് സാധ്യതയെന്ന് കേന്ദ്ര കാലാവസ്ഥ വകുപ്പ്. കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത; കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്ക്.

The India Meteorological Department has forecast heavy rainfall in northern Kerala. Red alert has been issued today for Kozhikode, Kannur, and Kasaragod districts, while fishing has been banned along the Keralam, Karnataka, and Lakshadweep coasts.

&&&&&&&&&&&&&&&&&&

HEADLINE-1

## PM-GOVT EFFORTS

രാജ്യത്തെ യുവജനങ്ങൾ, സ്ത്രീകൾ, കർഷകർ എന്നിവരെ ശാക്തീകരിക്കുന്നതിന്, കേന്ദ്ര സർക്കാർ കഴിഞ്ഞ 12 വർഷമായി എല്ലാ ശ്രമങ്ങളും നടത്തി വരികയാണെന്ന് പ്രധാനമന്ത്രി നരേന്ദ്ര മോദി . വിശ്വാസം, വികസനം, പൊതുജനക്ഷേമം എന്നിവയിലൂന്നി, രാഷ്ട്രം ആദ്യം എന്ന കാഴ്ചപ്പാടോടെയാണ് കേന്ദ്രസർക്കാർ പ്രവർത്തിക്കുന്നതെന്നും പ്രധാനമന്ത്രി സമൂഹമാധ്യമത്തിൽ കുറിച്ചു. ഈ അക്ഷീണ പരിശ്രമത്തിന്റെ ഫലമായി, രാജ്യം ആഗോളതലത്തിൽ ഇന്ന് പുതിയ സ്ഥാനം കൈവരിച്ചതായും അദ്ദേഹം പറഞ്ഞു. വികസിത ഇന്ത്യ എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്നതിന്, സേവനം, സദ്ഭരണം, സമൃദ്ധി എന്നിവയുടെ പാതയിൽ സർക്കാർ ഇനിയും മുന്നോട്ട് പോകുമെന്നും പ്രധാനമന്ത്രി വ്യക്തമാക്കി.

&&&&&&&&&&&&&&&&&

## HEADLINE-2

## NADDA – PM MATRITVA ABHIYAN

സുരക്ഷിത ഗർഭകാലവും, ആരോഗ്യകരമായ മാതൃത്വവും ഉറപ്പു വരുത്തുന്നതിനായി കേന്ദ്രസർക്കാർ, പ്രധാൻ മന്ത്രി സുരക്ഷിത് മാതൃത്വ അഭിയാൻ ആരംഭിച്ചിട്ട് ഇന്ന് പത്ത് വർഷം. രാജ്യവ്യാപകമായി നടക്കുന്ന ആഘോഷ പരിപാടികൾക്ക് കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രി ജെ.പി.നഡ്ഡ ഇന്ന് ന്യൂഡൽഹിയിൽ തുടക്കം കുറിക്കും. 75 രൂപയുടെ പ്രത്യേക സ്മരണിക നാണയവും അഞ്ച് രൂപയുടെ തപാൽ സ്റ്റാമ്പും അദ്ദേഹം ചടങ്ങിൽ പ്രകാശനം ചെയ്യും. ഗർഭധാരണ കാലഘട്ടത്തിൽ സമഗ്രവും ഗുണമേന്മയുള്ളതുമായ പ്രസവപൂർവ പരിചരണ സേവനങ്ങൾ സൗജന്യമായി നൽകുന്നതിന്, 2016 ജൂൺ 9 നാണ് പ്രധാനമന്ത്രി നരേന്ദ്ര മോദി പദ്ധതിയ്ക്ക് തുടക്കം കുറിച്ചത്.

&&&&&&&&&&&&&&&&&

## SHAH- LPMS SYSTEM LAUNCH

അതിർത്തി കടന്നുള്ള വ്യാപാരവും സഞ്ചാരവും കാര്യക്ഷമവുമാക്കുന്നതിനുള്ള ലാൻഡ് പോർട്ട് മാനേജ്മെൻറ് സിസ്റ്റം കേന്ദ്ര ആഭ്യന്തര മന്ത്രി അമിത് ഷാ ഇന്ന് ന്യൂഡൽഹിയിൽ ഉദ്ഘാടനം

ചെയ്യും. അതിർത്തി പരിപാലന സംവിധാനം ശക്തിപ്പെടുത്തുന്നതിൽ നാഴികക്കല്ലായിരിക്കും ഈ സംവിധാനമെന്ന് ആഭ്യന്തര മന്ത്രാലയം അറിയിച്ചു. അതിർത്തി കടന്നുള്ള വ്യാപാരം, സഞ്ചാരം എന്നിവയുടെ കാര്യക്ഷമതയും, സുതാര്യതയും, സുരക്ഷയും സാങ്കേതികവിദ്യയുടെ സഹായത്തോടെ വർദ്ധിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് സംവിധാനം നടപ്പിലാക്കുന്നത്

&&&&&&&&&&&&&&&&&

**HEADLINE-3**

**T SIDDIQUE – INTRO**

***വയനാട് കോളിയാടി എ.യു.പി. സ്കൂളിലെ രണ്ട് കുട്ടികൾക്ക് ഷിഗല്ല സ്ഥിരീകരിച്ച സാഹചര്യത്തിൽ ജാഗ്രത ശക്തമാക്കാൻ നടപടികൾ സ്വീകരിച്ചതായി മന്ത്രി ടി. സിദ്ദിഖ്. നിലവിൽ 433 പേരാണ് രോഗലക്ഷണങ്ങളുമായി ചികിത്സ തേടിയത്. 63 കുട്ടികൾ വിവിധ ആശുപത്രികളിൽ ചികിത്സയിലാണ്. സ്ഥിതിഗതികൾ നിയന്ത്രണ വിധേയമാണെന്നും അദ്ദേഹം ഉന്നതതല യോഗത്തിന് ശേഷം സുൽത്താൻബത്തേരിയിൽ വാർത്താസമ്മേളനത്തിൽ അറിയിച്ചു. (വോയിസ്)***

***സ്ഥിതിഗതികൾ നേരിട്ട് വിലയിരുത്തുന്നതിനായി ആരോഗ്യ മന്ത്രി കെ മുരളീധരൻ ഇന്ന് വൈകിട്ടോടെ വയനാട്ടിലെത്തും.***

&&&&&&&&&&&&&&&&&

**HEADLINE-5**

**TRAWLING BAN**

കേരളത്തിൽ ട്രോളിംഗ് നിരോധനം ഇന്ന് അർദ്ധരാത്രി മുതൽ നിലവിൽ വരും. ജൂലൈ 31 അർദ്ധരാത്രി വരെ 52 ദിവസത്തേക്കാണ് നിരോധനം. മത്സ്യങ്ങളുടെ പ്രജനന കാലം കണക്കിലെടുത്താണ് നടപടി. നിരോധന കാലയളവിൽ പരമ്പരാഗത യാനങ്ങൾക്ക് മാത്രമേ മത്സ്യബന്ധനത്തിന് അനുമതിയുണ്ടാവുകയുള്ളൂ. ട്രോളിംഗ്, ഡബിൾ നെറ്റ് എന്നിവ പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. അന്യസംസ്ഥാന ബോട്ടുകൾ

അടിയന്തരമായി തീരം വിട്ടുപോകണമെന്നും അധികൃതർ നിർദ്ദേശം നൽകിയിട്ടുണ്ട്.

&&&&&&&&&&&&&&&&&

## HEADLINE-4

## BRICS – CONFERENCE

അന്താരാഷ്ട്ര ബ്രിക്സ് കാർഷിക സമ്മേളനത്തിന് മധ്യപ്രദേശിലെ ഇൻഡോറിൽ തുടക്കമായി. ബ്രസീൽ, ചൈന, റഷ്യ, ദക്ഷിണാഫ്രിക്ക ഉൾപ്പെടെ 21 രാജ്യങ്ങളിൽ നിന്നുള്ള പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കുന്നുണ്ട്. ഈ മാസം 13 വരെ നടക്കുന്ന സമ്മേളനത്തിൽ, ഭക്ഷ്യ സുരക്ഷ, കാലാവസ്ഥ സൗഹൃദ കൃഷി, ചെറുകിട കർഷകരുടെ ശാക്തീകരണം തുടങ്ങിയ വിഷയങ്ങൾ ചർച്ച ചെയ്യും.

&&&&&&&&&&&&&&&&&

## ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്ന്.......

(ബ്രേക്ക്)

&&&&&&&&&&&&&&&&&

## INDIA-PAK UN

പാക് പൗരന്മാരിൽ ഇന്ത്യയോടുള്ള വിദ്വേഷം വളർത്തുന്നതിന് മതപരമായ പദപ്രയോഗങ്ങളെ പാകിസ്ഥാൻ ദുരുപയോഗം ചെയ്യുന്നതായി ഇന്ത്യ. യു.എൻ രക്ഷാ സമിതി യോഗത്തിൽ, ഐക്യരാഷ്ട്ര സഭയിലെ ഇന്ത്യയുടെ സ്ഥിരം പ്രതിനിധി പി ഹരീഷാണ് ഇക്കാര്യം അറിയിച്ചത്. പാകിസ്ഥാനിൽ നിന്നുണ്ടാകുന്ന വ്യാജപ്രചാരണങ്ങൾ

ഭരണകൂടത്തിന്റെ പിന്തുണയോടെയാണ് നടക്കുന്നതെന്നും ഇന്ത്യ ആരോപിച്ചു.

&&&&&&&&&&&&&&&&&

## PADMA AWARD

2026 ലെ പത്മ പുരസ്കാരങ്ങൾ 65 പേർക്ക് കൂടി രാഷ്ട്രപതി ദ്രൗപദി മുർമു സമ്മാനിക്കും. രാഷ്ട്രപതി ഭവനിൽ ഈ മാസം 23 ന് നടക്കുന്ന ചടങ്ങിലാണ് പുരസ്കാരം സമ്മാനിക്കുന്നത്. നടൻ മമ്മൂട്ടി ചടങ്ങിൽ പദ്മഭൂഷൺ സ്വീകരിക്കും. കഴിഞ്ഞ മാസം ആദ്യം, രാഷ്ട്രപതി ഭവനിൽ നടന്ന ചടങ്ങിൽ രാഷ്ട്രപതി, 66 പേർക്ക് പത്മ പുരസ്കാരം സമ്മാനിച്ചിരുന്നു. അഞ്ച് പത്മവിഭൂഷൺ, 13 പത്മഭൂഷൺ, 113 പത്മശ്രീ ഉൾപ്പെടെ 131 പത്മ അവാർഡുകളാണ് ഈ വർഷം സമ്മാനിക്കുന്നത്.

&&&&&&&&&&&&&&&&&&

## Census ( INTRO)

*സെൻസസ് 2027ന്റെ ഭാഗമായി പൊതുജനങ്ങൾക്ക് കുടുംബവിവരങ്ങൾ സ്വയം രേഖപ്പെടുത്തുന്നതിനുള്ള 'സെൽഫ് എനുമറേഷൻ ' സൗകര്യം ജൂൺ 16 മുതൽ 30 വരെ ലഭ്യമാകും. രണ്ട് ഘട്ടങ്ങളിലായുള്ള സെൻസസ് നടപടിക്രമത്തിൽ, ഒന്നാം ഘട്ടത്തിൽ വീടുകളുടെ പട്ടിക തയ്യാറാക്കലും വീടുകളുടെ സെൻസസുമാണ് നടത്തുക. രണ്ടാം ഘട്ടത്തിലാണ് ജനസംഖ്യാ കണക്കെടുപ്പ്.*

*വിശദാംശങ്ങളിലേക്ക്.........*

***( VO)***

*സംസ്ഥാനത്ത് 2026 ജൂലൈ 1 മുതൽ ജൂലൈ 30 വരെയാണ് ഒന്നാംഘട്ട സെൻസസ് നടപടികൾ നടക്കുക. ഈ ഘട്ടത്തിൽ എനുമറേറ്റർമാർ, കെട്ടിടങ്ങളും പ്രധാന ലാൻഡ്മാർക്കുകളും ഉൾപ്പെടുത്തി ലേഔട്ട് മാപ്പ് തയ്യാറാക്കുകയും, മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് വിവരങ്ങൾ ശേഖരിക്കുകയും ചെയ്യും. 34 ചോദ്യങ്ങളാണ് ഒന്നാം ഘട്ട സെൻസസിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.എനുമറേറ്റർമാർ വീടുകളിൽ എത്തുന്നതിന് മുൻപ് തന്നെ കുടുംബനാഥനോ പ്രായപൂർത്തിയായ മറ്റ് അംഗങ്ങൾക്കോ ഓൺലൈൻ പോർട്ടൽ വഴി വിവരങ്ങൾ സമർപ്പിക്കാം.സെൽഫ് എനുമറേഷൻ ചെയ്യുന്നതിനായി പൊതുജനങ്ങൾ **se.census.gov.in** എന്ന വെബ്സൈറ്റ് സന്ദർശിച്ച് വിവരങ്ങൾ നൽകാവുന്നതാണ്. മൊബൈൽ ഫോണിന്റെ സഹായത്തോടെയും സെൽഫ് എനുമറേഷൻ പൂർത്തിയാക്കാം. കെട്ടിട നമ്പർ, സെൻസസ് ഹൗസ് നമ്പർ, സെൻസസ്*

*വീടിന്റെ ഉപയോഗം, കുടുംബനമ്പർ തുടങ്ങിയ വിവരങ്ങൾ സെൽഫ് എനുമറേഷനിൽ നൽകേണ്ടതില്ല.*

*ന്യൂസ് ഡസ്ക്, ആകാശവാണി*

&&&&&&&&&&&&&&&&&&

## HEADLINE-6

## RAIN KERALAM

കനത്ത മഴ തുടരുന്ന പശ്ചാത്തലത്തിൽ കോഴിക്കോട്, കണ്ണൂർ, കാസർകോട് ജില്ലകളിൽ ഇന്ന് ചുവപ്പ് ജാഗ്രത. മലപ്പുറം, വയനാട് ജില്ലകളിൽ ഓറഞ്ച് ജാഗ്രതയും, ആറ് ജില്ലകളിൽ മഞ്ഞ ജാഗ്രതയുമാണ് പ്രഖ്യാപിച്ചിട്ടുള്ളത്. കേരള-കർണാടക-ലക്ഷദ്വീപ് തീരങ്ങളിൽ മത്സ്യബന്ധനത്തിന് വിലക്കേർപ്പെടുത്തി. തൃശൂർ ചേറൂർ വില്ലടം മേഖലയിൽ ഇന്ന് മിന്നൽ ചുഴലിയുണ്ടായി. ശക്തമായ കാറ്റിൽ നിരവധി മരങ്ങൾ കടപുഴകി വീണു. ആളപായമില്ല. ഫയർഫോഴ്സും നാട്ടുകാരും ചേർന്ന് മരം മുറിച്ചു മാറ്റാൻ ശ്രമം തുടരുകയാണ്. മേഖലയിൽ വൻ ഗതാഗതക്കുരുക്കാണ് അനുഭവപ്പെടുന്നത്.

&&&&&&&&&&&&&&&&&&

## NT. ISRAEL- IRAN ATTACKS HALTED

യുഎസ് പ്രസിഡന്റ് ഡോണൾഡ് ട്രംപിന്റെ അഭ്യർത്ഥനയ്ക്ക് പിന്നാലെ ആക്രമണങ്ങൾ നിർത്തി വച്ച് ഇറാനും ഇസ്രായേലും. ലെബനനിലെ ഹിസ്ബുള്ള കേന്ദ്രങ്ങൾക്ക് നേരെയുള്ള ഇസ്രായേൽ ആക്രമണം തുടരുന്ന പക്ഷം സൈനിക നടപടി പുനരാരംഭിക്കുമെന്ന് ഇറാൻ മുന്നറിയിപ്പ് നൽകി. ഇസ്രായേലിനെതിരെ ആക്രമണമുണ്ടായാൽ ദക്ഷിണ ബെയ്റൂട്ടിലെ ഹിസ്ബുള്ളയുടെ ശക്തികേന്ദ്രം ആക്രമിക്കുമെന്ന് ഇസ്രായേൽ പ്രതിരോധ മന്ത്രി ഇസ്രായേൽ കാറ്റ്സ് വ്യക്തമാക്കി. ശാശ്വതമായ വെടിനിർത്തലാണ് ആഗ്രഹിക്കുന്നതെന്നും, സമാധാനത്തിനായുള്ള ചർച്ചകൾ തുടരുകയാണെന്നും ഡോണൾഡ് ട്രംപ് പറഞ്ഞു. അതിരൂക്ഷമായ മിസൈൽ ആക്രമണങ്ങളാണ് ഇസ്രയേലും ഇറാനും ഇന്നലെ നടത്തിയത്.

&&&&&&&&&&&&&&&&&&

## WHO EBOLA - UGANDA

കോംഗോയിലെ എബോള വ്യാപനം ചെറുക്കുന്നതിനായി, പ്രതിരോധ പ്രവർത്തനങ്ങൾ ശക്തമാക്കണമെന്ന് ലോകാരോഗ്യ സംഘടന മേധാവി ടെഡ്രോസ് അദാനോം ഗബ്രിയേസസ് . ഉഗാണ്ടയിലെത്തിയ അദ്ദേഹം, രാജ്യത്തെ പ്രതിരോധ പ്രവർത്തനങ്ങൾ വിലയിരുത്തി . മറ്റ് രാജ്യങ്ങളിലേക്ക് രോഗവ്യാപനം ഉണ്ടാകാതിരിക്കാൻ ഏകോപനം ശക്തിപ്പെടുത്തുണമെന്നും ഉഗാണ്ടൻ പ്രസിഡന്റുമായുള്ള കൂടിക്കാഴ്ചയിൽ അദ്ദേഹം പറഞ്ഞു. എബോള വ്യാപനം തടയുന്നതിനായി ഉഗാണ്ട നടത്തുന്ന ശ്രമങ്ങളെ അദ്ദേഹം പ്രശംസിച്ചു.

&&&&&&&&&&&&&&&&&

## PHILIPPINES- DEATH TOLL

ഫിലിപ്പീൻസ് ഭൂചലനത്തിൽ മരണസംഖ്യ 37 ആയി. 7.8 തീവ്രത രേഖപ്പെടുത്തിയ ഭൂചലനം ഇന്നലെയാണുണ്ടായത്. 500 ൽ അധികം പേർക്ക് പരിക്കേറ്റിട്ടുണ്ട്. 20,000 ത്തോളം പേരെ സുരക്ഷിത കേന്ദ്രങ്ങളിലേക്ക് മാറ്റി.

&&&&&&&&&&&&&&&

&&&&&&&&&&&&

&&&&&&&&

&&&&&&&

&&&&&&